**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4383** **06-03-2023 - ൽ മറുപടിയ്ക്ക്**

**കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കരകൗശല വ്യവസായത്തിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ കേരളാ സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി **(സുരഭി)** സംഭരിക്കുകയും സ്വന്തം ഷോറൂമുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്നു. ഷോറൂമുകൾ നവീകരിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.<br><br>കൂടാതെ ക**രകൗശല** വികസന കോർ**പ്പറേഷൻ** ഈ രംഗത്ത് പ്രവർത്തിക്കുന്ന ശിൽപികൾ, സംഘങ്ങൾ എന്നിവർ ഉല്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ പർച്ചേസ് ചെയ്ത് കോർപ്പറേഷന്റെ വിൽപ്പനശാലകൾ വഴി വിപണനം നടത്തി വരുന്നു. |
| (ബി) | ഈ മേഖലയിൽ കരകൗശല തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനസർക്കാരിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ **കരകൗശല** വികസന കോർപ്പറേഷൻ നടത്തി വരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആർട്ടിസാൻമാർക്ക് സ്വയം തൊഴിൽ ആരംഭിയ്ക്കുന്നതിനും നിലവിലുള്ള ബിസിനസ്സ് വിപുലീകരിക്കുന്നതിനുമായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു.<br><br>കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾ ക്കുള്ള ധനസഹായ പദ്ധതി, ആധുനിക വൽക്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 25 ലക്ഷം രൂപ വീതം സുരഭി, കാഡ്കോ എന്നീ സ്ഥാപനങ്ങൾക്കു നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബജറ്റ് വിഹിതം നീക്കി വച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യ ശേഷി വർദ്ധിപ്പിച്ച് കരകൗശല ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി നൂതനമായ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കരകൗശല തൊഴിലാളികളുടെ നൈപുണ്യ ശേഷി വർദ്ധിപ്പിക്കുന്നതിനായി കരകൗശല വികസന **കോർപ്പറേഷൻ** പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ഉയർന്ന നിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ 'New Product Development' എന്ന പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച് ഡിജിറ്റൽ മാർക്കറ്റിംഗ് പോലുള്ള നൂതന വിപണന മാർഗ്ഗങ്ങൾ നടപ്പിലാക്കി വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ആമസോൺ ഫ്ലിപ്കാർട്ട് എന്നിവയിലൂടെയും വിപണി കണ്ടെത്തുന്നുണ്ട്.<br><br>കൂടാതെ ആധുനികവൽക്കരണം പൊതുസൗകര്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് 173 ലക്ഷം രൂപയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി 127 ലക്ഷം രൂപയും കരകൗശല വികസന കോർപ്പറേഷന് അനുവദിച്ചിരുന്നു.<br><br>കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാൻമാർക്കായി ആധുനിക യന്ത്ര സാമഗ്രികൾ ഉൾപ്പെടുത്തി കാഡ്കോ ഒരു പൊതു സേവനകേന്ദ്രം ആരംഭിക്കുകയും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമ ത്തിനും, ഉന്നമനത്തിനുമായി പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നു. ഭാഗിക യന്ത്രവത്ക്കരണം വഴി ഉൽപാദനത്തിന് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുവാൻ കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി (സുരഭി) ശ്രമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ